കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ: A3/43/2025-SEC തീയതി: **01-11-2025**

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

1. എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ/ ജില്ലാ കളക്ടർമാർക്കും

2. എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പൽ കൗൺസിലുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയുടെ റിട്ടേണിംഗ് ഓഫീസർമാർക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ വഴി)

3. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സെക്രട്ടറിമാർക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ വഴി)

സർ,

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ— തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് 2025 — ഇ ഡ്രോപ്പ് സോഫ്റ്റ് വെയർ - ജീവനക്കാരുടെ നിയമനം സംബന്ധിച്ച്

സൂചന:- ഈ ഓഫീസിലെ 23.10.2025 തീയതിയിലെ A4/27/2024-SEC നമ്പർ നടപടിക്രമങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2025 ലെ പൊതുതെരഞ്ഞെടുപ്പിനുള്ള പോളിംഗ് സ്റ്റാഫിനെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ വെയർഹൗസുകളിലും ഔട്ട്ലെറ്റ് വിഭാഗങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാരെ തിരഞ്ഞെടുപ്പ് ജോലികളിൽ നിന്നും ഒഴിവാക്കാവുന്നതാണ്. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡിലെ മറ്റ് ജീവനക്കാർക്ക് ഇളവ് നൽകേണ്ടതില്ല.

2. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള തൃശ്ശൂർ ജില്ലയിലെ രണ്ട് വെറ്ററിനറി ആശുപത്രികളിലും (മണ്ണുത്തിയിലെ യൂണിവേഴ്സിറ്റി വെറ്ററിനറി

ആശുപത്രിയിലും കൊക്കാലൈയിലെ യൂണിവേഴ്സിറ്റി വെറ്ററിനറി ആശുപത്രിയിലും) വയനാട് ജില്ലയിലെ പൂക്കോട് ടീച്ചിംഗ് വെറ്ററിനറി ക്ലിനിക്കൽ കോംപ്ലക്സിലും ആശുപത്രി ഡ്യൂട്ടിയിൽ പങ്കെടുക്കുന്ന ക്ലിനിക്കൽ വകുപ്പുകളിലെ ഫാക്കൽറ്റികളെ തിരഞ്ഞെടുപ്പ് ജോലികളിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

3. സംസ്ഥാന ജി.എസ്.ടി വകുപ്പിലെ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുപ്പ് ജോലികളിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

4. അവശ്യ സർവീസുകളായ ആരോഗ്യ മേഖലയിലെ ജീവനക്കാരെയും, പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ, എക്സൈസ്, ഫോറസ്റ്റ്, മോട്ടോർ വാഹന വകുപ്പ് എന്നീ വകുപ്പുകളിലെ യൂണിഫോംഡ് സ്റ്റാഫിനെയും, കെ.എസ്.ഇ.ബിയിലെയും കെ.എസ്.ആർ.ടി.സിയിലെയും മിനിസ്റ്റീരിയൽ സ്റ്റാഫ് ഒഴികെയുള്ളവരെയും തിരഞ്ഞെടുപ്പ് ജോലികളിൽ നിന്ന് ഒഴിവാക്കാവുന്നതാണ്.

5 . **കേരള ബാങ്ക്, ഗ്രാമീൺബാങ്ക്** ജീവനക്കാരെ തിരഞ്ഞെടുപ്പ് ജോലികൾക്ക് നിയോഗിക്കാവുന്നതാണ്

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 01-11-2025 12:46:59

PRAKASH.B.S

SECRETARY

പകർപ്പ് :- സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം - 695033

എല്ലാ എൻ ഐ സി ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർമാർക്കും